# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


**പി.ആർ.ഒ./39/263/2018** **2018 ഡിസംബർ 7**

## വാർത്താക്കുറിപ്പ്

### പരീക്ഷ തീയതി

ഒന്നാം വർഷ ബി .എസ്‌സി. നഴ്സിംഗ് (പുതിയ സ് കീം - 2016 അഡ്മിഷൻ സപ്ലിമെന്ററി ) പരീക്ഷകൾ 2019 ജനുവരി നാലു മുതൽ ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ ഡിസംബർ 13 വരെയും 500 രൂപ പിഴയോടെ 14 വരെയും 1000 രൂപ സൂപ്പർഫൈനോടെ 17 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

രണ്ടാം വർഷ ബി .എസ്‌സി. നഴ്സിംഗ് (2016 അഡ്മിഷൻ റഗുലർ , 2010-2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജനുവരി 18ന് ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ ഡിസംബർ 13 വരെയും 500 രൂപ പിഴയോടെ 14 വരെയും 1000 രൂപ സൂപ്പർഫൈനോടെ 17 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

അഫിലിയേറ്റഡ് കോളേജുകളിലെ അഞ്ചാം സെമസ്റ്റർ ബി .എ. ( ക്രിമിനോളജി) എൽ.എൽ.ബി. (ഓണേഴ്സ്)/ബി.കോം എൽ .എൽ.ബി. ( ഓണേഴ്സ്)/ബി.ബി.എ. എൽ.എൽ.ബി. ( ഓണേഴ്സ്) പരീക്ഷകൾ ജനുവരി 11ന് ആരംഭിക്കും . അപേക്ഷ പിഴയില്ലാതെ ഡിസംബർ 13 വരെയും 500 രൂപ പിഴയോടെ 14 വരെയും 1000 രൂപ സൂപ്പർഫൈനോടെ 17 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

രണ്ടാം സെമസ്റ്റർ എം .എസ്‌സി. മോളിക്യുലാർ ബയോളജി ആന്റ് ജനറ്റിക് എൻജിനീയറിംഗ് പരീക്ഷ ഡിസംബർ 31ന് ആരംഭിക്കും . അപേക്ഷ പിഴയില്ലാതെ ഡിസംബർ 12 വരെയും 500 രൂപ പിഴയോടെ 13 വരെയും 1000 രൂപ സൂപ്പർഫൈനോടെ 17 വരെയും സ്വീകരിക്കും.

### അപേക്ഷ തീയതി

അവസാന വർഷ ബി .ഡി.എസ്. പാർട്ട് ഒന്ന്, രണ്ട് (2008 അഡ്മിഷൻ മുതൽ ) മേഴ്സി ചാൻസ് പരീക്ഷകൾക്ക് പിഴയില്ലാതെ ഡിസംബർ 18 വരെയും 500 രൂപ പിഴയോടെ 19 വരെയും 1000 രൂപ സൂപ്പർഫൈനോടെ 21 വരെയും അപേക്ഷിക്കാം . അപേക്ഷകർ സി .വി. ക്യാമ്പ് ഫീസായി 200 രൂപയും സ്പെഷൽ ഫീസായി 5000 രൂപയും പരീക്ഷാഫീസിനും സി .വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം . പരീക്ഷ തീയതി പിന്നീട് അറിയിക്കും.

ഒന്നു മുതൽ എട്ടു വരെ സെമസ്റ്റർ ബി .ടെക് സപ്ലിമെന്ററി /മേഴ്സി ചാൻസ് പരീക്ഷകൾക്ക് പിഴയില്ലാതെ ഡിസംബർ 20 വരെയും 500 രൂപ പിഴയോടെ 21 വരെയും 1000 രൂപ സൂപ്പർഫൈനോടെ 28 വരെയും അപേക്ഷിക്കാം. വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 50 രൂപ വീതം (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം . ആദ്യ മേഴ് സി ചാൻസ് (2010 അഡ്മിഷൻ) പരീക്ഷയെഴുതുന്നവർ 5000 രൂപയും രണ്ടാം മേഴ് സി ചാൻസ് (2009 അഡ്മിഷൻ - പഴയ സ് കീം) പരീക്ഷയെഴുതുന്നവർ 7000 രൂപയും അവസാന മേഴ് സി ചാൻസ് (2009ന് മുമ്പുള്ള അഡ്മിഷൻ - പഴയ

സ്കീം) പരീക്ഷയെഴുതുന്നവർ 10000 രൂപയും സ്പെഷൽ ഫീസായി പരീക്ഷാഫീസിനും സി .വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. പരീക്ഷ തീയതി പിന്നീട് അറിയിക്കും.

**കോഴ്സ് വർക്ക് പരീക്ഷ: അപേക്ഷിക്കാം**

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അംഗീ കൃത ഗവേഷണ കേന്ദ്രങ്ങളിൽ 2018ൽ കോഴ് സ് വർക്ക് പൂർത്തിയാക്കിയ വിദ്യാർഥികൾക്കും സപ്ലിമെന്ററി വിദ്യാർഥികൾക്കും പരീക്ഷയ്ക്ക് അപേക്ഷിക്കാം . ഡിസംബർ 10ന് രാവിലെ 11 മുതൽ ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. പിഴയില്ലാതെ ഡിസംബർ 15 വരെയും 500 രൂപ പിഴയോടെ 18 വരെയും 1000 രൂപ പി ഴയോടെ 19 വരെയും ഓൺലൈനായി ഫീസടയ്ക്കാം. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് ആവശ്യമായ രേഖകൾക്കൊപ്പം ഡിസംബർ 21ന് വൈകീട്ട് നാലിന് മുമ്പായി സർവകലാശാലയിലെ ഇ .ബി. 14 സെക്ഷനിൽ സമർപ്പിക്കണം. വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ. ഓൺലൈൻ അപേക്ഷയ്ക്ക് distance.mgu.ac.in/mguPhd എന്ന ലിങ്ക് ഉപയോഗിക്കാം.

**വൈവാവോസി**

നാലാം വർഷ ബി .എസ്സി. എം.ആർ.ടി. പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയത്തിനും വൈവാവോസിക്കും പിഴയില്ലാതെ ഡിസംബർ 12 വരെയും 500 രൂപ പിഴയോടെ 13 വരെയും 1000 രൂപ സൂപ്പർഫൈനോടെ 14 വരെയും അപേക്ഷിക്കാം.

അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ എം .എസ്സി. കമ്പ്യൂട്ടർ എൻജിനീയറിംഗ് ആന്റ് നെ റ്റ്‌വർക്ക് ടെക് നോളജി (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയത്തിനും വൈവാവോസിക്കും പിഴയില്ലാതെ ഡിസംബർ 12 വരെയും 500 രൂപ പിഴയോടെ 13 വരെയും 1000 രൂപ സൂപ്പർഫൈനോടെ 15 വരെയും അപേക്ഷിക്കാം.

**പരീക്ഷഫലം**

2018 ജനവരിയിൽ നടത്തിയ സി .ബി.സി.എസ്. ഒന്നാം സെമസ്റ്റർ ബി .എ. മോഡൽ I, II, III (2017 അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 24 വരെ അപേക്ഷിക്കാം.

2018 ജൂണിൽ നടത്തിയ മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് നോൺ സി .എസ്.എസ്. മെഡിക്കൽ ബയോകെമിസ്ട്രി റഗുലർ /സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഡിസംബർ 21 വരെ അപേക്ഷിക്കാം.

## എം.ജി.യിൽ ബുദ്ധിപരമായ വെല്ലുവിളികൾ

## നേരിടുന്നവരുടെ രാജ്യാന്തര ദിനാചരണം

മഹാത്മാ ഗാന്ധി സർവകലാശാല സ് കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്ററി ൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ രാജ്യാന്തര ദിനാചരണം സംഘടിപ്പിച്ചു. സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് ഡയറക്ടർ ഡോ. ബിനു ജോർജ് വർഗീസ് ഉദ്ഘാടനം ചെയ്തു. കായിക പരിശീലനം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്ക് ഉണർവ്വേകുമെന്ന് അദ്ദേഹം പറഞ്ഞു.

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഡയറക്ടർ പ്രൊഫ . എൻ. രാജീവ് കുമാർ അധ്യക്ഷത വഹിച്ചു. ഡെക്കാത്തലോൺ കോ -ഓർഡിനേറ്റർ പ്രിൻസ് വർഗീസ് ഭിന്നശേഷിക്കാ ർക്കുള്ള കായിക പരിശീലന പ്രദർശനം നടത്തി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ആന്റ് ലേണിംഗ് ഡിസെബിലിറ്റീസ് ഡയറക്ടർ ഡോ. കെ.എം. മുസ്തഫ, വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്റർ മേധാവി സോഫിയ ജോസഫ് , പ്രോഗ്രാം കോ -ഓർഡിനേറ്റർ താൻസൺ പി . തോമസ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ വി .സി. ഷിബി എന്നിവർ പ്രസംഗിച്ചു. തുടർന്ന് ഭിന്നശേഷി വിദ്യാർഥികളുടെ കായിക പ്രദർശനവും നടന്നു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ രാജ്യാന്തര ദിനാചരണം സ്‌കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്‌പോർട്‌സ് സയൻസസ് ഡയറക്ടർ ഡോ. ബിനു ജോർജ് വർഗീസ് ഉദ്ഘാടനം ചെയ്യുന്നു**

## ഡിസംബർ 10ന് മനുഷ്യാവകാശ പ്രതിജ്ഞ

ലോക മനുഷ്യാവകാശ ദിനത്തിന്റെ ഭാഗമായി ഡിസംബർ 10ന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ ജീവനക്കാർ മനുഷ്യാവകാശ പ്രതിജ്ഞയെടുക്കും . രാവിലെ 11ന് ഭരണവിഭാഗം ബ്ലോക്കിലെ ചത്വരത്തിലാണ് പ്രതിജ്ഞ . സർവകലാശാലയ്ക്ക് കീഴിലുള്ള വകുപ്പുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ജീവനക്കാർ മനുഷ്യാവകാശ പ്രതിജ്ഞയെടുക്കും.

## പ്രകൃതിദത്ത പോളിമർ രാജ്യാന്തര

## കോൺഫറൻസിന് തുടക്കം

വിവിധ മേഖലകളിൽ പ്രകൃതിദത്ത പോളിമറുകളുടെ ഉപയോഗം സാധ്യമാക്കാനാണ് നിലവിലെ സാമൂഹിക സാമ്പത്തിക സാഹചര്യം ആവശ്യപ്പെടുന്നതെന്ന് മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് പറഞ്ഞു . മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി സംഘടിപ്പിക്കുന്ന 'നാച്വറൽ പോളിമർ' ആറാമത് രാജ്യാന്തര കോൺഫറൻസ് സ് കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

റഷ്യയിലെ സൈബീരിയൻ ഫെഡറൽ യൂണിവേഴ് സിറ്റിയിലെ പ്രൊഫ . ടാഷിയാന വൊളോവ , ബ്രസീൽ സെൻട്രോ ഡി ടെക് നോളജിയ-സിഡാഡെ സർവകലാശാലയിലെ പ്രൊഫ . ഫെർണാണ്ടോ ഗോമസ് എന്നിവരെ ആ ദരിച്ചു. സിൻഡിക്കേറ്റംഗം ഡോ . ആർ. പ്രഗാഷ്, ഡോ. വി. രാജി എന്നിവർ പ്രസംഗിച്ചു.

ആനന്ദ് ഗദ്രെ , അലക്സി ദെമിദെങ്കോ , മനോജ് കൗഷൽ , ഉമേഷ് ആർ . പ്രതാപ്, ലീ ഡി വിൽസൺ, പ്രദീപ് കുമാർ അണ്ണാമലൈ, ഹരിനന്ദൻ രാമസ്വാമി, പെരുമാൾ സുബ്രഹ്മണ്യൻ, അൻപു നടേശ്, ധർമ്മേഷ് ഗാല , അനിരുദ്ധ പൈ സാൽ, എം. മുത്തു വിനായകം , മനോജ് ബെൻസാൽ , ജ്യോയി ജെ . ജോഗ്ലേകർ, ബാരിസോവ ഹരിജോന റാഫിഡിസൺ , ബിധു പ്രസാദ് ഗാന്ധിയ , ഐ. എസ്. ഇകത്രീന, ആർ. സംഗീത എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

വിവിധ വിഷയങ്ങളിൽ പോസ്റ്റർ അവതരണങ്ങളും നടന്നു . രാജ്യാന്തര ഗവേഷണ സാധ്യതകൾ പരിചയപ്പെടുത്തുന്ന 'ഹൊറൈസൺ 2020' ബ്രെയിൻ സ്റ്റോമിങ് പരിപാടിയും ഇതോടനുബന്ധിച്ച് നടന്നു . ഡിസംബർ ഒൻപതു വരെയാണ് കോൺഫറൻസ്.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി സംഘടിപ്പിക്കുന്ന 'നാച്വറൽ പോളിമർ' ആറാമത് രാജ്യാന്തര കോൺഫറൻസ് സ്‌കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

## രാജ്യാന്തര ജല സമ്മേളനത്തിന് ഇന്ന് തുടക്കം;

## ജലമലിനീകരണവും ശുദ്ധീകരണവും മുഖ്യവിഷയം

ജലമലിനീകരണവുമായും ശുദ്ധീകരണവുമായും ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്യുന്ന രാജ്യാന്തര ജല കോൺഫറൻസിന് ഇന്ന് (ഡിസംബർ 8) മഹാത്മാ ഗാന്ധി സർവകലാശാലയിൽ തുടക്കമാകും . മഹാത്മാഗാന്ധി സർവകലാശാല എൻവയോൺമെന്റൽ സയൻസസും അഡ്വാൻസ്ഡ് സെന്റർ ഫോർ എൻവയോൺമെന്റൽ സ്റ്റഡീസ് ആൻഡ് സസ്റ്റൈനബിൾ ഡെവല പ്മെന്റുമാണ് കോൺ ഫറൻസ് സംഘടിപ്പിക്കുന്നത്. ഇന്ന് രാവിലെ 8.45 ന് സ് കൂൾ ഓഫ് പ്യൂവർ ആൻഡ് അപ്ലൈഡ് ഫിസിക്സ് സെമിനാർ ഹാളിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും.

ഡോ. എ.പി. തോമസ് അധ്യക്ഷത വഹിക്കും . പ്രൊസീഡിംഗ്സിന്റെ പ്രകാശനം സിൻഡിക്കേറ്റംഗം പ്രൊ ഫ. കെ. ജയചന്ദ്രൻ നിർവഹിക്കും. എൻവയോൺമെന്റൽ സയൻസസ് ഡയറക്ടർ പ്രൊഫ. ഇ.വി. രാമസ്വാമി, പ്രൊഫ. സി.ടി. അരവിന്ദകുമാർ എന്നിവർ പങ്കെടുക്കും . നോർവീജിയൻ സർവകലാശാലയിലെ റൊണാൾഡ് കല്ലെൻബോൺ , ഇസ്രായേലിലെ ബെൻഗുരിയോൺ സർവകലാശാലയിലെ യോരാം ഒറെൻ എന്നിവർ ആദ്യ സെഷനിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. ഡിസംബർ 10 വരെ നടക്കുന്ന സമ്മേളനത്തിൽ വിവിധ രാജ്യങ്ങളിൽനിന്നുള്ള വിദഗ്ധർ വിഷയാവതരണം നടത്തും. കാർഷിക, വ്യവസായ, ഗാർഹിക മേഖലകളിൽനിന്നുള്ള മലിനീകരണം , ജലശുദ്ധീകരണത്തിന് നാനോടെക്നോളജിയുടെ ഉപയോഗം , ബയോളജിക്കൽ ട്രീറ്റ്മെന്റ്സ് തുടങ്ങി ജലമലിനീകരണവുമാ യും ശുദ്ധീകരണവുമായും ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ചചെയ്യും.

അമേരിക്ക, ഇസ്രയേൽ, ജർമനി, ഫ്രാൻസ്, സ്പെയിൻ, ടുണീഷ്യ, ഓസ്ട്രേലിയ, സൗദി അറേബ്യ , ബ്രസീൽ, സ്ലോവേനിയ, നോർവേ, തായ്‌ലൻഡ്, ബ്രിട്ടൻ, ജപ്പാൻ, മലേഷ്യ, ഓസ്ട്രിയ, കാനഡ എന്നിവിടങ്ങളിൽനിന്ന് വിദഗ്ധരും പ്രതിനിധികളും പങ്കെടുക്കും.

## ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ: അപേക്ഷ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിലുള്ള ബയോ മെഡിക്കൽ ഗവേഷണത്തിനായുള്ള അന്തർ സർവകലാശാല കേന്ദ്രത്തിലുള്ള ചീഫ് അഡ്മിനിസ് ട്രേറ്റീവ് ഓഫീസർ തസ്തികയിലേക്ക് നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു . കേരള സംസ്ഥാന സെക്രട്ടേറിയറ്റ് സർവീസിലെ സ് പെഷൽ സെക്രട്ടറി, അഡീഷണൽ സെക്രട്ട റി, ജോയിന്റ് സെക്രട്ടറി , സർവകലാശാല സർവീസിലെ ജോയിന്റ് രജിസ്ട്രാർ പദവികളിൽ നിന്നും വിരമിച്ചവർക്ക് അപേക്ഷിക്കാം. അപേക്ഷകൾ ഡിസംബർ 20ന് ഉച്ചകഴിഞ്ഞ് മൂന്നിന് മുൻപായി ഡയറക്ടർ , ഇന്റർ യൂണിവേഴ് സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആന്റ് സൂപ്പർ സ്പെഷാലിറ്റി ഹോസ്പിറ്റൽ, റബ്ബർ ബോർഡ് പി.ഒ., തലപ്പാടി, കോട്ടയം - 686 009 എന്ന വിലാസത്തിൽ സമർപ്പിക്കണം. വിശദ വിവരങ്ങൾക്ക് ഫോൺ: 0481 - 2353730.

**എ. അരുൺ കുമാർ**

**പബ്ലിക് റിലേഷൻസ് ഓഫീസർ**